**ചെറുനാണയങ്ങൾ സ്വീകരിക്കൽ**

മെയ് 30, 2003

അഞ്ച്, പത്ത്, ഇരുപത് പൈസയുടെ ചെറുനാണയങ്ങൾ അവയ്ക്ക് നിയമസാധുത ഇല്ല എന്ന ന്യായം പറഞ്ഞ് ബാങ്കുകളും വാണിജ്യസ്ഥാപനങ്ങളും പൊതുജനങ്ങളും സ്വീകരിക്കുന്നില്ല എന്ന് പത്രദ്വാരാ ആർ.ബി.ഐ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള പരാതികളും ആർ.ബി.ഐ യ്ക്ക് കിട്ടുന്നുണ്ട്. ഇത്തരം നാണയങ്ങളുടെ ഉല്പാദന-വിതരണ ങ്ങൾ നിർത്തലാക്കപ്പെട്ടിട്ടുണ്ടെങ്കിലും ഭാരതസർക്കാർ അവ പിൻവലിച്ചിട്ടില്ലെന്ന് ഇതിനാൽ വ്യക്തമാക്കുകയാണ്. മുൻപ് ഇറക്കിയ അത്തരം നാണയങ്ങൾ എല്ലാം നിയമസാധുത ഉള്ളവയായി തുടരുന്നു. അവ എല്ലാവരും പണമടയ്ക്കലുകളിലും പരസ്പര കൈമാറ്റത്തിലും സ്വീകരിക്കേണ്ടതാണ്. ബാങ്കുകൾ അത്തരം നാണയങ്ങൾ നിർബന്ധമായും സ്വീകരിക്കണം. അടുത്തുള്ള ആർ.ബി.ഐ ഓഫീസുകളിൽ നിന്നും അവ മാറ്റിവാങ്ങാവുന്നതാണ്.

പി.വി സദാനന്ദൻ
കാര്യദർശി

പത്രക്കുറിപ്പ് 2002-2003/1223